"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - "ബൊട്ടാണിക്കൽ ഗാർഡൻ, റാന്നി" എന്ന പ്രവൃത്തിയുടെ ഭരണാനുമതി - ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(കൈ) നം.221/2023/LSGD തീയതി,തിരുവനന്തപുരം, 23-12-2023

പരാമർശം:-

1. 04.11.2020 തീയതിയിലെ സ.ഉ.(കൈ) നം.170/ 2020/തസ്വഭവ.
2. 16.12.2020 തീയതിയിലെ സ.ഉ(സാധാ) നം.2319/202/തസ്വഭവ.
3. 10.11.2021 തീയതിയിലെ സ.ഉ(സാധാ) 2245/2021/തസ്വഭവ.
4. "ബൊട്ടാണിക്കൽ ഗാർഡൻ, റാന്നി" പ്രവൃത്തി സംബന്ധിച്ച് 17.03.2022 ൽ മുൻ എം.എൽ.എ ശ്രീ രാജു എബ്രഹാം അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
5. 16.06.2022, 27.02.2023 തീയതികളിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ നം.DB4/12568/RKI(492)/2020/CE/LSGD കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 5054-80-800-66 എന്ന ശീർഷകത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന 492 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തികൾക്കായി നിർദ്ദേശിച്ചിരുന്ന 5054-80-800-66 എന്ന ശീർഷകം പരാമർശം (3) പ്രകാരം പരിഷ്കരിച്ച് പ്രസ്തുത പ്രവർത്തികളിൽ ഗ്രാമ പ്രദേശവുമായി ബന്ധപ്പെട്ടവയുടെ ചെലവ് 4515-00-800-92 Works Included in Appendix II to the Detailed Budget Estimate (Details of Public Works) എന്ന ശീർഷകത്തിൽ നിന്നും മുനിസിപ്പൽ, കോർപ്പറേഷൻ പരിധിയിലുള്ള പ്രവർത്തികളുടെ ചെലവ് 4217-60-051-94- NP-V-Works Included in Appendix II to the Detailed Budget Estimate (Details of Public Works)എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്.

പരാമർശം (1) പ്രകാരം ബൊട്ടാണിക്കൽ ഗാർഡൻ, റാന്നി എന്ന പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ നടത്തിപ്പിന്റെ ഭാഗമായി 17.03.2022 ൽ മുൻ എം.എൽ.എ ശ്രീ രാജു എബ്രഹാം അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ പരാമർശം (4) ലെ നടപടിക്കുറിപ്പ് പ്രകാരം ടി പ്രവൃത്തി അനുവദിച്ച 5 കോടി രൂപയിൽ 4.60 കോടി രൂപ ചെലഴിക്കേണ്ടത് വനമേഖലയിൽ ആയതിനാൽ തുക വിനിയോഗിക്കുന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണ ഏജൻസിയായ റാന്നി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നതിനും ശേഷിച്ച 40 ലക്ഷം രൂപയുടെ പ്രവൃത്തികൾ വനത്തിന് പുറത്തായതിനാൽ അവയ്ക്കായി നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥനെ തന്നെ ചുമതലപ്പെടുത്തി പുതുക്കിയ ഉത്തരവിനായി അപേക്ഷിക്കുന്നതിന് റാന്നി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു.

പരാമർശം (4) പ്രകാരമുള്ള നടപടിക്കുറിപ്പിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ "ബൊട്ടാണിക്കൽ ഗാർഡൻ, റാന്നി " എന്ന പ്രവൃത്തിക്കായി ആകെ അനുവദിച്ച 5 കോടി രൂപയിൽ 4.60 കോടി രൂപ ഫോറസ്ററ് വകുപ്പ് വഴി ചെലവഴിക്കുന്നതിനും, 40 ലക്ഷം രൂപ ബൊട്ടാണിക്കൽ ഗാർഡൻ പരിപാലനത്തിനായി ഉപയോഗപെടുന്ന രീതിയിൽ പൊന്തൻപുഴ വനത്തിനോട് ചേർന്നുള്ള മഞ്ഞനാംകുഴി

തോട്ടിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുന്നതിനും പരാമർശം (1) ലെ ഭരണാനുമതി ഭേദഗതി ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (5) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം "ബൊട്ടാണിക്കൽ ഗാർഡൻ, റാന്നി" എന്ന പ്രവൃത്തിക്കായി അനുവദിച്ച 5 കോടി രൂപയിൽ 4.60 കോടി രൂപ ഫോറസ്റ്റ് വകുപ്പ് വഴി ചെലവഴിക്കുന്നതിനും, 40 ലക്ഷം രൂപ ബൊട്ടാണിക്കൽ ഗാർഡൻ പരിപാലനത്തിനായി ഉപയോഗപെടുന്ന രീതിയിൽ പൊന്തൻപുഴ വനത്തിനോട് ചേർന്നുള്ള മഞ്ഞനാംകുഴി തോട്ടിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറുന്നതിനുമായി പരാമർശം (1) ലെ ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്</u>
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി, റാന്നി ഗ്രാമപഞ്ചായത്ത്
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, റാന്നി ബ്ലോക്ക് പഞ്ചായത്ത്.
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ് (04.10.23-ലെ E-2466267/DEV-3/110/2023-FIN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju.l.s.
സെക്ഷൻ ഓഫീസർ
Date: 26-12-2023 11:03:58